## ജില്ലാ പ്രോജക്ട് ഓഫീസറുടെ നടപടിക്രമം

## എസ്എസ്എ, എറണാകുളം

## (ഹാജർ : ശ്രീ സന്തോഷ്കുമാർ എസ് പൂർണ്ണ അധിക ചുമതല)

വിഷയം: എസ്എസ്എ എറണാകുളം - മെയിന്റനൻസ് ഗ്രാന്റ് 2015-16 സ്കൂളുകൾക്ക് ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള അനുമതി ഉത്തരവ് - സംബന്ധിച്ച്

സൂചന: 1. AWP & B 2015-16

2. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ പി4-4011/2014/എസ് എസ് എ നമ്പർ സർക്കുലർ തീയതി 19/05/2015

### ഉത്തരവ് നം എ1 - 571/15/SSA /EKM തീയതി 19/05/2015

2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഗവ. എൽ പി, യു. പി സ്കൂളുകൾക്ക് 7500/- രൂപ (ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതം മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. സൂചന (2) പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വിതരണം നടത്തുന്നതിന് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരും അതാത് ബി ആർ സികളുടെ പരിധിയിലുള്ള ഗവ. എൽ പി, യു. പി സ്കൂളുകൾക്ക് 7500/- രൂപ മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചു ത്തരവാകേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അറിവോടെ വിതരണം ചെയ്യേണ്ടതാണ്. ഗ്രാന്റ് വിതരണം ഇ- ട്രാൻസ്ഫർ വഴി നടത്തേണ്ടതാണ്.

**മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ**

- ഒരു കമ്പ്യൂട്ടറിന്റെയെങ്കിലും ഉപയോഗം ഉറപ്പാക്കത്തക്കവിധം ചെറിയ റിപ്പയറിംഗ് ജോലികൾ
- വാതിൽ, ജനൽ എന്നിവയുടെ കുറ്റി, കൊളുത്ത് പിടിപ്പിക്കൽ
- സ്കൂൾ പരിസരം വൃത്തിയാക്കൽ
- മൂത്രപ്പുരയുടെ വാതിലുകൾക്ക് കുറ്റി , കൊളുത്ത് ഇവ വയ്ക്കൽ, വെള്ളം ഉറപ്പാക്കൽ, ക്ലോസറ്റ്, തറ എന്നിവ മാറ്റി സ്ഥാപിക്കൽ/ റിപ്പയർ ചെയ്യൽ

ഓരോ സ്കൂളും എസ് എം സി യുടെ നേതൃത്വത്തിൽ 2015-2016 വർഷം മെയിന്റനൻസ് ഗ്രാന്റുകൊണ്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ എന്ന് തീരുമാനിക്കണം. ഇങ്ങനെയുള്ള പ്രവൃത്തികൾ ഏത് രീതിയിലാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നത് ചർച്ചയിലൂടെ ധാരണ ഉണ്ടാക്കണം. വിദ്യാലയവർഷം ആരംഭിക്കുന്നതിന് മുമ്പു തന്നെ ഈ പ്രവർത്തനങ്ങൾ നടക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഒരു കാരണവശാലും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കരുത്. അനുവദിക്കപ്പെടുന്ന 7500/- രൂപ ഏറ്റവും ഫലപ്രദമായി വിനിയോഗിച്ചുവെന്ന് എസ് എം സി മിനുട്ട്സിൽ രേഖപ്പെടുത്തുകയും സുതാര്യമായി നടപ്പാക്കി എന്നുറപ്പുവരുത്തുകയും വേണം. തുക കൈമാറുമ്പോൾ സ്കൂൾ എച്ച് എം ൽ നിന്നും കൈപ്പറ്റ് രസീത്

ഒപ്പ് വെച്ച് വാങ്ങി സൂക്ഷിക്കേണ്ടതാണ്. തുക ചെലവഴിച്ചു കഴിഞ്ഞാൽ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ധനവിനിയോഗക്രമം സംബന്ധിച്ച് താഴെ നിർദ്ദേശിക്കുന്ന ഭരണപരമായ സൂചനകൾ കൂടി പാലിക്കേണ്ടതാണ്.

- ചെക്ക് വിവരങ്ങൾ Register of valuables ൽ ചേർക്കുക
- ചെക്ക് കൃത്യമായി ബാങ്കിൽ നിക്ഷേപിക്കുക. പാസ്സ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തി എന്ന് ഉറപ്പു വരുത്തുക
- ക്യാഷ് ബുക്കിൽ എൻട്രി വരുത്തുക
- Ledger ൽ തുക രേഖപ്പെടുത്തുക
- തുക ചെലവഴിക്കാനുള്ള തീരുമാനം എസ് എം സി യിൽ എടുക്കുക - തീരുമാനം രേഖപ്പെടുത്തുക
- ലഭിക്കുന്ന ബില്ലുകൾ, വൗച്ചറുകൾ എന്നിവ പരിശോധിച്ച് admit ചെയ്ത് അഡ്വാൻസ് സെറ്റിൽ ചെയ്യുക
- നിയമാനുസൃതമായ ബില്ലുകളാണ് ലഭിക്കുന്നത് എന്ന് ഉറപ്പു വരുത്തുക (Estimate, Photocopy ബില്ലുകൾ എന്നിവ ഒഴിവാക്കുക)
- പണിപൂർത്തീകരിക്കുമ്പോൾ വിശദമായ കണക്ക് എസ് എം സി യിൽ അവതരിപ്പിച്ച അംഗീകാരം നേടുക
- വിനിയോഗ സർട്ടിഫിക്കറ്റ് ( U C ) ബി ആർ സിയിൽ നൽകുക.

ഈ ചെലവ് “AWP & B 2015-16 മെയിന്റനൻസ് ഗ്രാന്റ്” (PS & UPS) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഒപ്പ്

**ജില്ലാ പ്രോജക്ട് ഓഫീസർ**
**എസ് എസ് എ എറണാകുളം**

സ്വീകർത്താവ്

എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും

( ഇതോടൊപ്പം ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ തുക കൈമാറുമ്പോൾ സ്കൂൾ എച്ച് എം ന് രേഖാമൂലം നൽകേണ്ടതാണ്.

പകർപ്പ്

1. അക്കൗണ്ട്സ് ഓഫീസർ
2. അക്കൗണ്ട്സ് സെക്ഷൻ
3. സംഭരണ ഫയൽ